MONDAY

13/04/2026

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : SINDHU. K S** **Editor : Dr. V. Krishnadas**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

ff


**GOVERNMENT OF KERALA**

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/04/2026

1. കേരളത്തിലെ എല്ലാ കർഷകരും സ്വന്തം കൃഷിയിടത്തിൽ സൂക്ഷ്മജലസേചനം/മൈക്രോ ഇറിഗേഷൻ സംവിധാനം സ്ഥാപിക്കുന്നതിന് ലഭിക്കുന്ന സാമ്പത്തിക സഹായത്തിന് (സബ്സിഡി) ഓൺലൈനിൽ അപേക്ഷിക്കാം. കർഷകർ സ്വന്തമായോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ https://pdmc.da.gov.in/KeralaMIS എന്ന വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷയ്ക്കായി ആധാർ കാർഡ്, ഭൂഉടമസ്ഥത തെളിയിക്കുന്ന രേഖകൾ, ബാങ്ക് വിവരങ്ങൾ എന്നിവയാണ് ആവശ്യമായരേഖകൾ. ഈ വർഷം ഓൺലൈനിനൊപ്പം കൃഷി എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ള നിശ്ചിത ഫോർമാറ്റിൽ ഓഫ് ലൈൻ അപേക്ഷകളും സ്വീകരിക്കുന്നതാണ്.

2. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ഫലവൃക്ഷങ്ങളിൽ നിന്നും 01/04/2026-മുതൽ 31/03/2027 വരെയുള്ള ഒരു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വർഷ കാലയളവിൽ ആദായം എടുക്കാൻ താൽപര്യമുള്ളവർ 16/04/2026-ന് പകൽ 12 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി നടത്തുന്ന ലേലത്തിൽ 1000/-രൂപ നിരതദ്രവ്യമടച്ച് പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ഓഫീസുമായി 0471_2732962 എന്നാ ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

3. കേരളത്തിൽ വാഴ കൃഷിക്ക് വലിയ പിന്തുണ നൽകുന്ന പ്രധാന സ്ഥാപനമാണ് Indian Institute of Horticultural Research ന്റെ കീഴിൽ പ്രവർത്തിക്കുന്ന National Research Centre for Banana (NRCB). കാർഷികവികസന കർഷകക്ഷേമ വകുപ്പുമായി ചേർന്ന് നിരവധി പദ്ധതികൾ കർഷകർക്ക് ലഭ്യമാണ്. **വാഴ ഗവേഷണ കേന്ദ്രം (Banana Research Centre) പദ്ധതികൾ:-** ഉയർന്ന ഗുണമേന്മയുള്ളതും, രോഗരഹിതവും കൂടുതൽ ഉൽപാദന ശേഷിയുള്ള വാഴ തൈകൾ (Tissue Culture Plants), ഗ്രാൻഡ് നെയിൻ (G9), പൂവൻ തുടങ്ങിയ ഹൈബ്രിഡുകൾ സബ്സിഡി വഴി കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നു. വാഴ കൃഷി വികസന സബ്സിഡി പദ്ധതികൾ പുതിയ വാഴ തോട്ടങ്ങൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആരംഭിക്കുന്നതിനും, ഡ്രിപ്പ് ഇറിഗേഷൻ (PMKSY വഴി), വളപ്രയോഗം, സംരക്ഷണം എന്നിവയ്ക്കുള്ള ധനസഹായം നൽകുന്നു. സൗജന്യ കർഷക പരിശീലനവും സാങ്കേതിക സഹായവും, രോഗനിയന്ത്രണം (Panama വാട്ടം , Sigatoka), ഉൽപാദന വർദ്ധന മാർഗങ്ങൾ എന്നിവയ്ക്ക് പരിശീലന ക്ലാസുകൾ നൽകുന്നു .വാഴ പ്രോസസ്സിംഗ് & മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ , വാഴചിപ്സ്, വാഴപ്പൊടി, ഫൈബർ ഉൽപ്പന്നങ്ങൾ PMFME സ്കീമുമായി ബന്ധപ്പെടുത്തി സബ്സിഡിയോടുകൂടി ചെറുകിട യൂണിറ്റ്കൾ തുടങ്ങാൻ സഹായം ലഭ്യമാക്കുന്നു. Aadhaar, ബാങ്ക് അക്കൗണ്ട്, ഭൂമിയുടെ രേഖകൾ സഹിതം അടുത്തുള്ള കൃഷിഭവനിൽ ആവശ്യമായ പദ്ധതികൾക്ക് അപേക്ഷകൾ സമർപ്പിക്കാവുന്നതാണ് . ഫീൽഡ് പരിശോധനയ്ക്ക് ശേഷം സബ്സിഡി അനുവദിക്കും.

4. പശുപരിപാലനം, ആട്ടുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയവയിലൂടെ കർഷകരുടെ വരുമാനം വർധിപ്പിക്കുകയും സ്വയംതൊഴിൽ സൃഷ്ടിക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ മൃഗസംരക്ഷണ മേഖലയിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഒരു പ്രധാന പദ്ധതിയാണ് National Livestock Mission (NLM). സംരംഭകത്വ

ff



വികസന പദ്ധതിയിൽ ഉൾപ്പെടുത്തി – (EDP), ആട് , ചെമ്മരിയാട്, കോഴി, പന്നി എന്നിവയുടെ ഫാമുകൾ തുടങ്ങുന്നതിന് 50% സബ്സിഡിയിൽ പരമാവധി ₹50 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കും. തീറ്റപ്പുൽ കൃഷി വികസന പദ്ധതിയിൽ – പച്ച പുല്ല് കൃഷി, സൈലേജ് നിർമ്മാണം, തീറ്റപ്പുൽ വിത്ത് നിർമ്മാണം, എന്നിവക്കും, ബ്രീഡ് ഇമ്പ്രൂവ്മെന്റ് പ്രോഗ്രാമിൽ – ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ , ക്വാളിറ്റി ബ്രീഡ് ഡെവലൊപ്മെൻറ് ട്രെയിനിങ് പരിപാടി എന്നിവക്കും, സ്കിൽ ഡെവലൊപ്മെന്റ് & ട്രെയിനിങ് ,കർഷകർക്കുള്ള പരിശീലനം, ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് പരിപാടി എന്നിവക്കും ധനസഹായം ലഭിക്കുന്നതാണ്. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് , കേരള കന്നുകാലി വികസന ബോർഡ് എന്നിവ മുഖാന്തിരമാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് (DPR) സഹിതം NLM ന്റെ ഒഫീഷ്യൽ സൈറ്റിൽ രജിസ്റ്റർ ചെയ്തതിനു ശേഷം അപേക്ഷ സമർപ്പിക്കാവുന്നതാണ് വെബ് സൈറ്റ് https://nlm.udyamimitra.in

## പരിശീലന പരിപാടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള കാര്ഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോര് ഇ-ലേണിംഗ്) "Organic Agricultural Management" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാര്ക്കോടുകൂടി SSLC / തത്തുല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ് സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: **2026 ഏപ്രിൽ 16.** 2026 മെയ് 16 -ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

## കാർഷിക നിർദേശം

6. ഭൂമിക്ക് ആവരണം എന്ന നിലയ്ക്ക് ഉണങ്ങിയ തെങ്ങോലകൾ, തൊണ്ട്, വിള അവശിഷ്ടങ്ങൾ എന്നിവ ഉപയോഗിച്ച് പുതയിടാവുന്നതാണ്. മണ്ണിലുള്ള ഈർപ്പം നഷ്ടപ്പെടാതിരിക്കുന്നതിന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

സഹായകരമാകുന്ന വിധം ഒരു പുതപ്പിന്റെ ധർമ്മം നിർവ്വഹിക്കുകയാണ് ഇത് ചെയ്യുന്നത്. ബാഷ്പീകരണം മൂലം ജലം നഷ്ടപ്പെട്ടുപോകുന്നതും ഇതുമൂലം പരിമിതപ്പെടുന്നു. ജൈവാവശിഷ്ടങ്ങൾ ഒരു കാരണവശാലും കത്തിക്കരുത്. തീയിടുന്നത് അന്തരീക്ഷ താപനിലയും മണ്ണിലെ താപനിലയും ക്രമാതീതമായി ഉയരുന്നതിനും അനുബന്ധ പ്രശ്നങ്ങൾക്കും ഇടയാക്കും. ചപ്പുചവറുകൾ പുതയിടീലിനായി മാത്രം ഉപയോഗിക്കുക.

7. വേനൽക്കാല ഉഴവ് :-മേൽമണ്ണ് ചെറുതായി ഇളക്കിയിടുന്നത് വേനൽ മഴയിൽ നിന്നും ലഭിക്കുന്ന ജലം മണ്ണിൽ തന്നെ സംഭരിച്ച് നിർത്താനുള്ള നല്ലൊരു മാർഗ്ഗമാണ്. ഇതിനായി തെങ്ങിൻ തോപ്പുകളിലും മറ്റും വേനൽക്കാല ഉഴവ് അനുവർത്തിക്കാം. വേനൽമഴ ലഭിച്ചതിനുശേഷം പയർവർഗ്ഗവിളകൾ വിതയ്ക്കുന്നതും ഏറെ ഗുണം ചെയ്യും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം